## കേരള സർക്കാർ

സംഗ്രഹം

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്താഫീസിലെ ശ്രീ രാജൻ കെ കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം. 291/2016/തസ്വഭവ തീയതി, തിരുവനന്തപുരം,27/1/2016**

---

പരാമർശം : 1. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.03.2015 ലെ ഇ 1-1601/2015/കെ.ഡിസ് നമ്പർ നടപടിക്രമം.
2. പഞ്ചായത്ത് ഡയറക്ടറുടെ 15.10.2015 ലെ ഇ 6-19228/2015 നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. രാജൻ കെ കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ , സർക്കാരിൽ സമർപ്പിച്ചു.

ശ്രീ. രാജൻ കെ കെ സെറിഫെഡിൽ നിന്നും പുനർവിന്യസിയ്ക്കപ്പെട്ട് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 02.08.2010 ൽ സേവനത്തിൽ പ്രവേശിച്ചു.നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 02.08.12 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ശ്രീ രാജൻ കെ കെ-യ്ക്ക് 10.02.2015 ൽ 50 വയസ്സ് പൂർത്തിയായതിനാൽ തൊട്ടടുത്ത ദിവസമായ 11.02.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 12.02.2015 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. രാജൻ കെ കെ-യുടെ പ്രൊബേഷൻ കാലയളവ്, അദ്ദേഹത്തിന് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 11.02.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 12.02.2015 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, രാമന്തളി ഗ്രാമപഞ്ചായത്താഫീസ്, കണ്ണൂർ .
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ